# ചന്ദനത്തിരി




ദർഭകൾ തല താഴ്ത്തി
നില്ക്കുന്ന പുണ്യാശ്രമ-
ഭംഗികളുറങ്ങുമെ-
ന്നോർമ്മ തൻ വഴികളിൽ

കൈയിലിന്നൊരു കൊച്ചു
ചന്ദനത്തിരിയുമായ്
നിത്യവിസ്മയത്തോടെ
ഞാൻ നടന്നകലുന്നു.

ഈ വഴിവക്കിൽപ്പൂത്തു
വാടി വീണതാം പൂക്കൾ
നോക്കി ഞാൻ നടക്കുമീ-
സ്സന്ധ്യയിലേതോ നഷ്ട-

മോഹമായലയുന്ന
തെന്നലിൻ കൈയിൽത്തൂങ്ങി
കാവടി തുള്ളും നീല-
മേഘമേ! നിന്നെക്കാൺകെ

പെയ്യുവാൻ വിങ്ങിത്താണ
ദുഃഖമായ്, വിതുമ്പുന്ന
നൊമ്പരങ്ങളായെന്റെ-
യോർമ്മകൾ പറയുന്നു:

തപ്തമാം മരുഭൂവി-
ന്നാത്മദാഹത്തിൻ ചുണ്ടി-
ലിത്തിരിത്തെളിനീരു
പകരാൻ കഴിയാത്ത

വന്ധ്യമേഘമേ! നിന-
ക്കാവുകില്ലല്ലോ വന്നെൻ
ചന്ദനത്തിരി വീണ്ടും
കെടുത്തിക്കളയുവാൻ. ■

1997 കലാകൗമുദി